# ഭ്രമദളം_24

## ജി.എച്ച്.എസ്.എസ് പുല്ലങ്കോട്



# പുല്ലങ്കോടിന്റെ നിഴൽ വഴികൾ

ചരിത്രം മണ്ണിൽ വിരിയിച്ചെടുത്ത ഹരിതഭൂമി
വിളകൾക്ക് സംഭീതിയേകുന്ന വിശാലമായ കുന്നിൻ
ചരിവുകൾ,നിരനിരയായി റബ്ബർമരങ്ങൾ അതെ
കിഴക്കൻ ഏറനാടിന്റെസ്വകാര്യസമ്പത്തെന്നഹങ്ക
രിക്കാവുന്ന മലനാടിന്റെ സ്വന്തം ഭൂമിയാണ് ഞങ്ങളു
ടെ ജന്മ ദേശമായ പുല്ലങ്കോട്. ഇവിടുത്തെ കല്ലിലും
മണ്ണിലും ചുടുചോരയുടെ ഗന്ധമുണ്ടെന്ന സത്യം
ഇവിടുത്തെ ജനങ്ങളിൽ ഇന്നും അത്ഭുതം ജ്വലിപ്പി
ക്കുന്നു . അതേ സമയം വെടിയുണ്ടകൾ ചീറിപ്പായു
ന്ന ശബ്ദവും മാനവന്റെ ഭയാനകമായ നിലവിളിക
ളും നമ്മുടെ കാതുകളെ കുത്തിതുളപ്പിച്ചെന്നുവരാം .
കിഴക്കൻ ഏറനാടിന്റെ മടിക്കുത്തിൽ നിന്നും വിക
സനത്തിന്റെ വഴിയിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്ന
മലയോര ഗ്രാമമായ പുല്ലങ്കോട് ദിനം പ്രതി നേട്ടങ്ങ
ൾ കൊയ്തുകൊണ്ടിരിക്കുകയാണ് .

നിരവധി രക്തചൊരികൾക്കും ത്യാഗങ്ങൾ
ക്കും സാക്ഷ്യം വഹിക്കേണ്ടിവന്ന ഈ പ്രദേശം
ഇന്ന്
സഹവർത്തിത്വമുള്ള ജനങ്ങളുടെ ഉദ്യാനമാണെന്ന
ത് നമ്മുടെ കണ്ണുകൾക്ക് വിചിത്രമായി തോന്നിയേ
ക്കാം. ഈ നാടിന്റെ വികസനത്തിനായി ത്യാഗം
ചെയ്ത  ഒട്ടനവധിപേരുണ്ടിവിടെ. ശ്രീ. ബാലകൃഷ്ണമാ
രാർ {ബാലേട്ടൻ} ജി. കെ പ്രകാശ് തുടങ്ങിയവർ
ആ സുവർണ്ണശോഭയിൽ ഇവിടുത്തുകാരുടെ മനസ്സി
ൽ ഇന്നും പ്രകാശിക്കുന്നു.പുല്ലങ്കോട്ടിൽ
വികസനത്തി
ന്റെ വെള്ളി വെളിച്ചം വീശിയതിന് പുല്ലങ്കോട് എ
സ്റ്റേറ്റിന്റെ രൂപീകരണം വളരെയേറെ പ്രാധ്യാനം
അർഹിക്കുന്നതാണ്. 1906 ഏപ്രിൽ 24 ന് വുഡ്
ബ്രിയാർ കമ്പനി മാനേജരയായിരുന്ന ലാമുവൽ
കേംബ്രിഡ്ജ് ലിബൺറൂഡ് ആണ് ആ മഹത്കർ
മ്മം നിർവഹിച്ചത്. അതിനാൽ തന്നെ പുല്ലങ്കോടി
ന്റെ സുവർണ്ണലിപികളിൽ അദ്ദേഹത്തിന്റെ പേര്
എഴുതി ചേർത്തു. പച്ചപ്പിന്റെ പവിഴങ്ങൾ പ്രകാശ
മയമാക്കിക്കൊണ്ട് റബ്ബർ കൃഷിയെ  നെഞ്ചിലേറ്റി
സ്വീകരിച്ച ഇവിടുത്തെ തൊഴിലാളികൾക്ക് റബ്ബർ
എത്രയോ വലുതാണ്. ഭഗീരഥ പ്രയത്നം മൂലം ഇ
ന്നത്തെ ഈ മാസ്മരികമായ പുല്ലങ്കോടിലേക്ക്
എത്തിച്ചേർന്നപ്പോൾ പഴമയുടെ അടിവേരുകൾ
തേടി ഒരു യാത്ര.

## സ്ഥലനാമചരിതം

ബ്രിട്ടീഷ് മേധാവിത്വം നടമാടിയിരുന്ന കാലഘട്ട
ത്തിൽ ഗോത്രവർഗ്ഗക്കാരായ ഗിരിജനങ്ങളായിരുന്നു
അദ്ധ്വാനശീലരും, നിഷ്കളങ്കരുമായ മൊട്ടൻ, അറ
നാടൻ എന്നപേരുകളിൽ അറിയപ്പെട്ടിരുന്ന ഈ
ജനതയെ ഇംഗ്ലീഷുകാർ പ്രാദേശികമായ പ്രതിപാദ

നശൈലിയിൽ പുല്ലൻസ് - കോഡ് എന്ന് വിളിക്ക
പ്പെട്ടു.ക്രമേണ ഈ നാമം പരിണാമത്തിലൂടെ പുല്ല
ങ്കോട് എന്നറിയപ്പെട്ടു. ഈ പ്രദേശത്തിന് മുഖ്യമാ
യും രണ്ട് ഡിവിഷനുകളായിരുന്നു ഉണ്ടായിരുന്നത്.
പുല്ലങ്കോട് ചേനപ്പാടി കടിഞ്ചേരി പുല്ലങ്കോട് ഒഴികെ
മറ്റു രണ്ടു പ്രദേശങ്ങളും ഇത്തരത്തിൽ പരിണമിച്ചു
ണ്ടായത്. ചേനൻപാടി കാടൻസ് - ചേരി എന്നീ
പേരുകളിലാണ് ഈ പ്രദേശങ്ങൾ മുമ്പ് അറിയ
പ്പെട്ടിരുന്നത്.

## പുല്ലങ്കോടിന്റെ പഴയമുഖം

ശക്തമായ മഴലഭിക്കുന്ന ഒരു
നിബിഡവനപ്രദേശ
മായിരുന്ന ഇവിടം വന്യമൃഗങ്ങളുടെ ആവാസ കേന്ദ്ര
മായിരുന്നു. അറനാടൻ, മൊട്ടൻ തുടങ്ങിയ ഗോത്ര
വർഗ്ഗക്കാരായവർ മാത്രം വസിക്കപ്പെട്ടിരുന്ന ഈ
ദേശത്ത് ബ്രിട്ടീഷുകാരുടെ വരവോടു കൂടി 1906 ഏപ്രി
ൽ 24 ന് ആദ്യമായി ലാമുവൽ കേംബ്രിഡ്ജ് എ
സ്റ്റേറ്റ് സ്ഥാപിച്ചു. കേവലം 2000 ഏക്കറിൽ മാത്രം
ഒതുങ്ങിക്കൂടിയിരുന്ന ഈ റബ്ബർ കൃഷി വിജയം കൈ
വരിച്ചതോടുകൂടി പടിഞ്ഞാറെ കോവിലകത്തെ വലി
യ തമ്പുരാട്ടിയിൽ നിന്നും 4000 ഏക്കർ കൂടി വാ
ങ്ങിച്ചു. കൂക്കിൽ തറവാട്ടുവകയായിരുന്നു ഈ ഭൂമി.
കൊടും കാടും വന്യമൃഗങ്ങളുടെ ആവാസകേന്ദ്രവുമാ
യിരുന്നു ഈ പ്രദേശം. കാൽനടയാത്രക്കാർ മാത്രമാ
ണ് നിലവിലുണ്ടായിരുന്നത്. കപ്പക്കിഴങ്ങ് വർഗ്ഗത്തി
ലുള്ള ഭക്ഷണസാധനങ്ങൾ തുടങ്ങി ഭക്ഷണത്തിൽ
വലിയ ആർഭാടമൊന്നും ഇവിടുത്തെ ജനതക്കുണ്ടാ
യിരുന്നില്ല. നടവഴികളിലെ വിരലിലെണ്ണാവുന്ന കട
കൾ അന്നും നിലവിലുണ്ടായിരുന്നു. എസ്റ്റേറ്റ് രൂപീ
കരണത്തിനു ശേഷം ലാമുവലും അദ്ദേഹത്തിന്റെ വാ
ണിജ്യ പങ്കാളിയായ ഹോഡ്സണും ഒഴികെ ആസ്
പിൻവാൾ കമ്പനി മാനേജരായ ഡബ്ല്യൂ. സി .ബ്ലേക്ക്,
ആർ ഡി. കുട്ടി. ആഴ്ച്ചചന്തകൾ ഇവിടുത്തെ ഒരു പ്ര
ധാനസവിശേഷത ആയിരുന്നു.

## ആസ്പിൻവാൾ

പുല്ലങ്കോടിനെ വ്യവസായ പുരോഗതിയിലേ
ക്ക് നയിച്ചതിന്റെ ഏറിയ പങ്കും പുല്ലങ്കോട് എസ്റ്റേ
റ്റിന്റേതാണ് . മലയോര മേഖലയുടെ അഭിമാനവും
അതിന്റെ പ്രൗഢിയും കാക്കുന്ന ഞങ്ങളുടെ പ്രദേശ
മായ പുല്ലങ്കോട് ചരിത്രത്തിന്റെ വിശാലമായ ഏടുക
ളിൽ കുറേ തലമുറകളെ വളർത്തിയതിന്റെ അഭിമാ
നനാളമായി ജ്വലിച്ചുകൊണ്ടിരിക്കുന്നു.

# പെയ്യുന്ന വേനൽ

കാലമെന്തേ ഇന്ന് മാറിവീശുന്നെന്റെ
കണ്ണുകൾ മെല്ലെയാ സാക്ഷിയായി
വെയിലേറ്റുവാടുന്ന എൻമുഖം ഇന്നെന്തെ
വേനൽ മഴയാൽ നനഞ്ഞുപോമെ
ഓർക്കുന്നൊരീ വേനലാകെ എൻ കാലുകൾ
ചുട്ടുപൊള്ളുന്നൊരീ പാതകളിൽ
അറിയാതെ നനയുന്നു ആ വിരൽത്തുമ്പുകൾ
അറിയാതെ കുതിരുന്നു ആ മുഖകോണുകൾ
വേനലും മഴയായി വെയിലുമാ കുളിരായ്
മാറിയേൽക്കുന്നൊരീ നെഞ്ചകത്തിൽ
മണ്ണിന്റെ മക്കളോടിന്നാമണ്ണു ചൊല്ലുന്നു
ഞാനുമിന്നേകാന്തസാക്ഷിയായി
മാനം കണ്ടോതുന്ന പ്രവചനസത്യങ്ങൾ
മാറിമറയുന്നിതാ എന്റെ കൺമുമ്പിൽ
കാലം തെറ്റിപ്പെയ്യുന്ന മഴയിന്നൊരതിഥിയായി
മാറുന്ന വേനലിനോ ?
കാത്തിരുന്നൊരാ നാളുമുഴുവനും വ്യർത്ഥമായി
മാറിയാകൊച്ചു കർക്കിടമോ ?
പറയാനുമറിയില്ല പറഞ്ഞാലുമറിയില്ല
ഇനിയുള്ള നാളുകളേതും
എൻ മനം മെല്ലെ നിസ്വാർത്ഥമാകുന്നു
ഇനിയേതു കാഴ്ചകൾക്കേകാന്ത സാക്ഷിയായി
മാറുമാ എന്നുടെ പിൻകണ്ണുകൾ . . . . . .
മാറുമാ എന്നുടെ ചോദ്യങ്ങളും . . . . . .

നിവേദ്യ പി. കെ





പ്രിയരെ...

ITരംഗത്തെ കരുത്തുറ്റ വാഗ്ദാനങ്ങളായ Little Kites ടീമിന്റെ സർഗ്ഗത്മകയ്ക്ക് എല്ലാവിധ ആശംസകളും....

ടീമിന്റെ അമരക്കാരായ ഉമ്മുസൽമ ടീച്ചറിനേയും ദീപ ടീച്ചറിനേയും പ്രത്യേകം അഭിനന്ദിക്കുന്നു...

പ്രൻസിപ്പൽ



[illegible]

[illegible]

[illegible] ,HM GHSS Pullangode



കേരളത്തിലെ ഏറ്റവും വലിയ ഐടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷം ഉണ്ട് . തീർച്ചയായും സാങ്കേതിക വിദ്യയുടേയും സർഗ്ഗാത്മകതയുടേയും ഒരു സമന്വയം ആയിരിക്കും ഈ മാഗസിന് എല്ലാ  വിധ ഭാവുകങ്ങളും നേരുന്നു .

ഷൗക്കത്തലി . വി

SITC _ GHSS Pullangode



നമ്മുടെ ഹൈടെക് വിദ്യാലയത്തിലെ കുട്ടികളുടെ ഐ ടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സിലെ മക്കൾ അവരുടെ കഴിവിന്റെയും ആത്മാർത്ഥമായും ശ്രമഫലമായി പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിന് സർവ്വ മംഗളങ്ങളും നേരുന്നു.....

പി.ടി.എ പ്രസിഡന്റ്

അൻഷാദ് ബാബു

റവന്യൂ ജില്ല

**മലപ്പുറം**

വിദ്യാഭ്യാസ ജില്ല

**വണ്ടൂർ**

ഉപജില്ല

**വണ്ടൂർ**

പ്രധാന അധ്യാപകൻ

**സുജ തോമസ്**

പി ടി എ പ്രസിഡന്റ്

**അൻഷാദ് ബാബു**



ദേവശ്രീ എ.ജെ 5 D

## വേനൽ മുകിൽ പെൺകൊടി



ഭൂമിയാകെ വരണ്ടുനിരക്കുന്നു
വയലും പാഠങ്ങളുമെല്ലാം വരണ്ടു വിണ്ടിരിക്കുന്നു
പൂക്കളും പച്ചവും സൂര്യകിരണങ്ങൾ ഊർന്നെടുന്നു
വേനൽ ചൂടിന്നാൽ വേള്ളവും വരണ്ടു
മരങ്ങളെല്ലാം കരിഞ്ഞുണങ്ങി,
ഒരു തുള്ളി വെള്ളത്തിനായ്
കാത്തുനിൽക്കുകയാണ് മനുഷ്യർ
വേനൽ ചൂടിനാൽ കൃഷിയും നഷ്ടമായി,
കർഷകർ തീരാനഷ്ടത്തിലായി
കത്തിജ്വലിക്കുന്ന വേനലിൽ ഭൂപ്രദേശങ്ങൾ വരണ്ടു
കട്ടുത്ത വേനലിൽ വെന്തുരുകുകയാണ് ഭൂമി.
ഭൂമിയാകെ കെഞ്ചുകയാണ്
ഒരു കടം തണ്ണീരുമായിമെ –
ക്കുത്തുവെച്ചൊരാ
കരിമുകിൽ പൊൺ കൊടി എങ്ങുപോയി.
അപോഴതാ ഒരു ദേവതപോലെ
ദൈവം അനുഗ്രച്ചഹിച്ചതുപോലെ
ഒരു കരിമുകിൽ പെൺകൊടിപ്രത്യക്ഷപ്പെട്ടു.
ജനങ്ങളെല്ലാം സന്തോഷത്തിലായി....
വയലും തോപ്പുകളമെല്ലാം കരിങ്ങുപോയി
ജൂവജാലകങ്ങളും തോപ്പുകളുമെല്ലാം
തുള്ളി ചാടാൻ തുടങ്ങി.
തവളകളെല്ലാം ചാലിലൂടെ
നൃത്തം പങ്കിടാൻ തുടങ്ങിക്കഴിഞ്ഞു ,
മരങ്ങളിലെ കൊഴിഞ്ഞ
ഇലകളെല്ലാം തളിർക്കാൻ
തുടങ്ങി ചില്ലകളെല്ലാം
പൂക്കൾ വിരിഞ്ഞു .
സൂര്യ കിരണങ്ങൾ ഊർന്നെടുത്ത
പ്രകൃതിയുടെ നിറങ്ങൾ
തിരികെ വരാൻ തുടങ്ങി
കായലും തോടുകളിലുമെല്ലാം
നിറഞ്ഞൊഴുകി
കിളികളെല്ലാം പഴയതുപോലെ
അതിരാവിലെ കിളികളുടെ
മധുരഗാനം ആലപിക്കാൻ തുടങ്ങി
കത്തിജ്വലിക്കുന്ന സൂര്യൻപതിയെ
പഴയെ പോലെ ആവശ്യമുള്ള –
വനായി തുർന്നു.
ഒരു നാൾ ഈ തീരാനഷ്ടം
ജലങ്ങളിൽ ഒരു പാഠമായി തീരും
ഭൂമി പഴയതു പോലെ സമൃദ്ധനായി . . . . . . . . . . .




SPC



JRC



**LITTLE KITES**







IT  മേളയിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടിയ
ജി.എച്ച് എസ് .എസ് പുല്ലങ്കോട്




ജില്ലാ ക്യാമ്പിൽ സെലക്ഷൻ നേടിയ
LK അംഗങ്ങൾ

## അമ്മ മനസ്സ്

എന്റെ പൊന്നമ്മയാണെൻ ദൈവം
എന്റെ കാര്യങ്ങൾ നോക്കുന്നു അമ്മ
എൻ കാവലായ് നിൽക്കുന്നു അമ്മ
ഞാനോന്ന് കരഞ്ഞാൽ കരയുന്നു
ഞാനോന്ന് ചിരിച്ചാൽ ചിരിക്കുന്നു
എന്റെ പൊന്നമ്മയാണ് ദൈവം...



എൻ പിറകെ നടന്ന് വയറ് നിറക്കുന്നു
വിദ്യാലയത്തിൽ നിന്ന് വരുന്നതും -
കാത്തു നിൽക്കുന്നു എൻ ജനനി
എന്നെ നെഞ്ചോട് ചേർക്കുന്നു
എൻ കാവലായ് നിൽക്കുന്നു
എൻ അമ്മയോടൊപ്പമുള്ള ജീവിതം
സ്നേഹത്തിൽ തൂവലായ് വീശിപ്പടർക്കുന്നു

ഞാൻ കുസൃതികൾ കാണിച്ചാൽ പോലും
എൻ കൂടെ നിൽക്കുന്നു എന്നമ്മ
എൻ കൂട്ടിനു കൂട്ടായ് നിൽക്കുന്നു
എൻ പൊന്നമ്മയാണൻ ദൈവം
എല്ലാറ്റിനും ഒപ്പം നിൽക്കുന്നു അമ്മ
നമ്മുടെ ജീവിതം അമ്മയുടെ -
സ്നേഹം നിറഞ്ഞതാ
നാം ഉറങ്ങീട്ടേ അവർ ഉറങ്ങുന്നു
നമ്മുടെ വയറു നിറഞ്ഞിട്ടേ
അവർ വയറു നിറക്കുന്നു
നാം സന്തോഷമാണെങ്കിൽ
അമ്മ സന്തോഷിക്കും
നാം ദുഃഖത്തിലാണെങ്കിൽ -
അവരും ദുഃഖിക്കും
എൻ സന്തോഷമാണ് -
അമ്മയുടെ സന്തോഷം
എൻ സങ്കടമാണ് -
എൻ അമ്മയുടെ സങ്കടം
എന്റെ ദുഃഖത്തിലും സന്തോഷത്തിലും -
എന്നമ്മ കൂട്ടായ് നിൽക്കുന്നു
എന്റെ അമ്മയാണെൻ ദൈവം







ജി.എച്ച്.എസ് .എസ് പുല്ലങ്കോടിൽ നടന്ന പപ്പറ്റ്റി വർക്ക് ഷോപ്പിൽ നിന്നും . . . .

THANK YOU

# ഭൂമദളം_24